# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE: 22.06.2025**

1. നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. ജയപ്രതീക്ഷയുമായി സ്ഥാനാർത്ഥികൾ.

2. ഇസ്രയേലിനെതിരെ പ്രത്യാക്രമണം തുടർന്ന് ഇറാൻ; ആശങ്കയറിയിച്ച് ലോക നേതാക്കൾ.

3. ഇറാൻ - ഇസ്രായേൽ സംഘർഷം നയതന്ത്ര ചർച്ചയിലൂടെ പരിഹരിക്കണമെന്ന് ഇറാൻ പ്രസിഡന്റിനോട് ആവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി.

4. വിലക്കയറ്റം തടയുന്നതിനുള്ള വിപണി ഇടപെടലുകൾക്കായി സിവിൽ സപ്ലൈസ് കോർപറേഷന് 100 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.

5. ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഇംഗണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&

RNUTVPM

## നിലമ്പൂർ വോട്ടെണ്ണൽ

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. ചുങ്കത്തറ മാർത്തോമ്മ ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. ആദ്യം പോസ്റ്റൽ വോട്ടും തുടർന്ന് ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളിലെ വോട്ടും എണ്ണും. വോട്ടെണ്ണലിനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായി. സ്ഥലത്ത് കേന്ദ്രസേനയുടെയും പോലീസിന്റെയും ത്രിതല സുരക്ഷ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മാസം 19 നു നടന്ന വോട്ടെടുപ്പിൽ 75.27 ശതമാനം പോളിങാണ് രേഖപ്പെടുത്തിയത്. എൽഡിഎഫിൻറെ എം സ്വരാജ്, യുഡിഎഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎയുടെ മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ തുടങ്ങി 10 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്.

*********************

## പ്രധാനമന്ത്രി-ഇറാൻ പ്രസിഡന്റ്

ഇറാൻ - ഇസ്രായേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാൻ പ്രസിഡന്റുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംഭാഷണം നടത്തി. സംഘർഷങ്ങളിൽ ആശങ്ക അറിയിച്ചതായും നിലവിലെ സ്ഥിതിഗതികൾ വിശദമായി ചർച്ച ചെയ്തെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. നയതന്ത്ര ചർച്ചകളിലൂടെ സംഘർഷം ലഘൂകരിക്കണമെന്നും പ്രാദേശിക സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ പുനഃസ്ഥാപിക്കണമെന്നും, ശ്രീ മോദി അഭ്യർത്ഥിച്ചു.

*********************

## വ്യോമാക്രമണം-ഇറാൻ പ്രതികരണം

RNU TVPM

ഇസ്രയേൽ - ഇറാൻ സംഘർഷം അതിരൂക്ഷമായി തുടരുന്നു. ഇറാൻ ആണവ കേന്ദ്രങ്ങളിൽ യുഎസ് നടത്തിയ വ്യോമാക്രമണത്തിന് പിന്നാലെ ഇസ്രയേലിൽ ഇറാൻ പ്രത്യാക്രമണം നടത്തി. ഹൈഫ ഉൾപ്പെടെ ഇസ്രയേലിലെ നിരവധി പ്രദേശങ്ങൾ ലക്ഷ്യമാക്കിയായിരുന്നു ആക്രമണം. ഇറാനിലെ ഫോർഡോ, നതാൻസ്, ഇസ്ഫഹാൻ എന്നീ ആണവ കേന്ദ്രങ്ങളിലാണ് യുഎസ് വ്യോമാക്രമണം ഉണ്ടായത്.

********************

## അബ്ബാസ് അരഘ്ചി-നെതന്യാഹു-ഗുട്ടെറസ്

ഇറാന്റെ മൂന്ന് ആണവ കേന്ദ്രങ്ങളിൽ ഇസ്രയേൽ സഹകരണത്തോടെ അമേരിക്കൻ സൈന്യം നടത്തിയ ആക്രമണത്തെ ശക്തമായി അപലപിച്ച് ഇറാൻ വിദേശകാര്യ മന്ത്രി സെയ്ദ് അബ്ബാസ് അരഘ്ചി. ആക്രമണങ്ങൾക്ക് കനത്ത പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും ഇറാൻ വിദേശകാര്യ മന്ത്രി മുന്നറിയിപ്പ് നൽകി. അതേസമയം, ആക്രമണങ്ങൾ അന്താരാഷ്ട്ര സമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയാണെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് വ്യക്തമാക്കി. നയതന്ത്രമാർഗ്ഗത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

********************

## ഇറാൻ - ഇസ്രായേൽ ആഗോള പ്രതികരണം

ഇറാനിയൻ ആണവ കേന്ദ്രങ്ങളിൽ യുഎസ് നടത്തിയ സൈനികാക്രമണങ്ങളിൽ ആശങ്കയറിയിച്ച് ലോകനേതാക്കൾ. മേഖലയിൽ വലിയ സംഘർഷ സാധ്യത നിലനിൽക്കുന്നതിനാൽ, സംയമനം പാലിക്കാനും നയതന്ത്ര ചർച്ചകളിലേക്ക് തിരിയാനും ലോക നേതാക്കൾ ആഹ്വാനം

RNUTVPM

ചെയ്യു. മേഖലയിൽ സമാധാനവും സ്ഥിരതയും നിലനിർത്തേണ്ടതുണ്ടെന്ന് യുകെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ പറഞ്ഞു. പ്രശ്നത്തിന് രാഷ്ട്രീയ പരിഹാരം തേടാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തണമെന്ന് സൗദി അറേബ്യ അന്താരാഷ്ട്ര സമൂഹത്തോട് ആവശ്യപ്പെട്ടു. സംഘർഷം തുടർന്നാൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് ഖത്തർ വിദേശകാര്യ മന്ത്രാലയം മുന്നറിയിപ്പ് നൽകി. അന്താരാഷ്ട്ര നിയമത്തിന്റെയും യുഎൻ ചാർട്ടറിന്റെയും ഗുരുതര ലംഘനമാണ് യു.എസ് നടത്തിയതെന്ന് ഒമാൻ വിദേശകാര്യ മന്ത്രാലയം അഭിപ്രായപ്പെട്ടു. അതേസമയം, ഇറാനിലെ സാഹചര്യം കണക്കിലെടുത്ത് അന്താരാഷ്ട്ര ആണവോർജ ഏജൻസി നാളെ അടിയന്തര യോഗം ചേരും.

*********************

PRD TVPM

## എൻ ഐ എ-പഹൽഗാം

പഹൽഗാമിൽ ആക്രമണം നടത്തിയ തീവ്രവാദികൾക്ക് സഹായം നൽകിയ രണ്ട് പേർ പിടിയിൽ. ബട്കോട്ട് സ്വദേശി പർവൈസ് അഹമ്മദ് ജോത്തർ, പഹൽഗാമിലെ ഹിൽ പാർക്ക് സ്വദേശി ബഷീർ അഹമ്മദ് ജോത്തർ എന്നിവരെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. ആക്രമണത്തിൽ ഉൾപ്പെട്ട മൂന്ന് ആയുധധാരികളായ തീവ്രവാദികളുടെ വിവരങ്ങൾ ഇവരിൽ നിന്നും ലഭിച്ചതായി എൻഐഎ പറഞ്ഞു.

*********************

## മാലിന്യ സംസ്കരണപ്ലാന്റ് പാലക്കാട് (ഇൻട്രോ)

മാലിന്യത്തിൽ നിന്ന് ഊർജം ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ ആദ്യ കേന്ദ്രീകൃത മാലിന്യ സംസ്കരണപ്ലാന്റ് പാലക്കാട് കഞ്ചിക്കോട്ട് ഈ വർഷം ഡിസംബറിൽ കമ്മീഷൻ ചെയ്യും. പദ്ധതിയുടെ അറുപത് ശതമാനം ജോലികളും

ഇതിനകം പൂർത്തീകരിച്ചതായി മന്ത്രി എം.ബി രാജേഷ് അറിയിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

*********************

## കെ എൻ ബാലഗോപാൽ

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 335 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് ധന കമീഷൻ ശുപാർശയിലുള്ള ഗ്രാന്റാണ് അനുവദിച്ചത്. വിലക്കയറ്റം തടയുന്നതിനുള്ള വിപണി ഇടപെടലുകൾക്കായി സംസ്ഥാന സിവിൽ സപ്ലൈസ് കോർപറേഷന് 100 കോടി രൂപ അനുവദിച്ചതായും മന്ത്രി അറിയിച്ചു.

RNUTVPM

*********************

## നീന്തൽ പരിശീലനം-ചിഞ്ചുറാണി

ജലാശയങ്ങളിൽ വീണുള്ള അപകടങ്ങൾ തടയുന്നതിന് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി. കൊല്ലം ജില്ലാ അക്വാട്ടിക്ക് അസോസിയേഷൻ സംഘടിപ്പിച്ച ജില്ലാതല ജൂനിയർ, സബ് ജൂനിയർ നീന്തൽ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കൊല്ലം ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിലെ സ്വിമ്മിംഗ് പൂളിന്റെ നിർമാണം പുനരാരംഭിക്കുമെന്ന് മന്ത്രി അറിയിച്ചു.

********************

## പുനർമൂല്യനിർണയ ഫലം

കഴിഞ്ഞ മാർച്ചിൽ നടന്ന ഒന്നാംവർഷ ഹയർ സെക്കൻഡറി ഇംപ്രൂവ്മെന്റ് പരീക്ഷയുടെ പുനർമൂല്യനിർണയം, സൂക്ഷ്മപരിശോധന എന്നിവയുടെ ഫലം പ്രസിദ്ധീകരിച്ചു. പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഹയർ സെക്കൻഡറി വിഭാഗം പോർട്ടലിൽ ഫലം ലഭ്യമാണ്.

********************

## ലിറ്റിൽ കൈറ്റ്സ് - തിരുവനന്തപുരം

ലിറ്റിൽ കൈറ്റ്സ് നോഡൽ ഓഫീസർമാരുടെ തിരുവനന്തപുരം ജില്ലാതല ശില്പശാല പൂർത്തിയായി. ഈ അധ്യയന വർഷം പത്താം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും നിർമിത ബുദ്ധി - റോബോട്ടിക്സ് പഠനം ഉറപ്പാക്കുമെന്ന് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് പറഞ്ഞു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ശില്പശാലയിൽ ചർച്ചയായി.

RNUTVPM

********************

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

********************

## പത്തനംതിട്ട-കുടിവെള്ള പ്രശ്നം (ഇൻട്രോ)

പത്തനംതിട്ട നഗരത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷം. കുടിവെള്ളം മുടങ്ങിയിട്ട് രണ്ടുമാസത്തിലേറെയായെങ്കിലും ഇതുവരെ പരിഹാരങ്ങളായില്ലെന്ന് പ്രദേശവാസികൾ പറയുന്നു.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

*********************

## ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ്

RNU TVPM

ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഇംഗണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇംഗ്ലണ്ട് 6 വിക്കറ്റ് നഷ്ടത്തിൽ 350 റൺസെന്ന നിലയിലാണ്. ഇന്നലെ കളി അവസാനിക്കുമ്പോൾ ഇംഗ്ലണ്ട്, 3 വിക്കറ്റിന് 209 റൺസ് എടുത്തിരുന്നു. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 471 റൺസിനാണ് അവസാനിച്ചത്.

*********************

## ഒളിമ്പിക് റൺ - കണ്ണൂർ

അന്താരാഷ്ട്ര ഒളിമ്പിക് ദിനാചരണത്തിന്റെ ഭാഗമായി കണ്ണൂരിൽ നാളെ ഒളിമ്പിക് റൺ നടത്തും. 'മയക്കുമരുന്നിനു പകരം കായികം' എന്ന സന്ദേശവുമായാണ് കണ്ണൂർ ജില്ലാ ഒളിമ്പിക് അസോസിയേഷന്റെ നേതൃത്വത്തിൽ പരിപാടി സംഘടിപ്പിക്കുന്നത്. രാവിലെ കണ്ണൂർ മുനിസിപ്പൽ സ്റ്റേഡിയത്തിൽ നിന്ന് ഒളിമ്പിക് റൺ ആരംഭിക്കും.

********************

## അതിരപ്പള്ളി-കാട്ടാന ആക്രമണം

തൃശൂർ ജില്ലയിലെ അതിരപ്പിള്ളി വാഴച്ചാലിൽ വനംവകുപ്പിന്റെ ട്രക്കിംഗ് സംഘത്തിന് നേരെ കാട്ടാന ആക്രമണം. ഒരാൾക്ക് പരിക്കേറ്റു. വാച്ചറും ഫോറസ്റ്റ് ഗാർഡും ഉൾപ്പെടെ ഏഴുപേർ അടങ്ങുന്ന സംഘത്തിന് നേരെയാണ് ആക്രമണമുണ്ടായത്.

********************

## കാട്ടുകൊമ്പൻ - പടയപ്പ

ഇടുക്കി മറയൂരിലെ ജനവാസ മേഖലയിൽ ഭീതി പരത്തി കാട്ടാന പടയപ്പ. ഇന്ന് രാവിലെ വാഗുവര ലക്കം ന്യൂ ഡിവിഷനിലെ ലയങ്ങളിലും തേയില തോട്ടങ്ങളിലും പടയപ്പ എത്തി. ലയത്തോട് ചേർന്ന് തൊഴുത്തിൽ പശുവിന് തീറ്റയ്ക്കായി വെച്ചിരുന്ന പുല്ല് കാട്ടാന ഭക്ഷിച്ചു.

RNUTVPM

********************

## ഐഎൻഎസ്‌വി തരിണി

ഐഎൻഎസ്‌വി തരിണി പായ് വഞ്ചിയിൽ എട്ടു മാസത്തെ സഞ്ചാരം പൂർത്തിയാക്കി തിരികെയെത്തിയ നാവിക സേന ലെഫ്റ്റനന്റ് കമാൻഡർ കെ. ദിൽനയെ ആദരിച്ചു. കോഴിക്കോട് പറമ്പിൽക്കടവിലുള്ള ദിൽനയുടെ വീട്ടിലെത്തിയാണ് ജില്ലയിലെ സൈനികരുടെയും വിമുക്ത ഭടൻമാരുടെയും കൂട്ടായ്മയായ കാലിക്കറ്റ് ഡിഫെൻസ് ട്രസ്റ്റ് ആൻഡ് കെയർ അംഗങ്ങൾ അഭിനന്ദനങ്ങൾ അറിയിച്ചത്.

*

**********

******************************